# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5667

09.07.2012-ലെ മറുപടിക്ക്.

## സമഗ്ര വിദ്യാഭ്യാസ പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ,<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സമഗ്ര വിദ്യാഭ്യാസ പാക്കേജ് - ഫ്യൂച്ചർ സ്കൂൾസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധന ശ്രോതസുകൾക്ക് ഒപ്പം എം.എൽ.എ. മാരുടെ വികസന ഫണ്ടും കൂടി വിനിയോഗിച്ച് നിയോജക മണ്ഡലങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി. 12-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലേയും സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടിയുളള പദ്ധതിയാണ് ഫ്യൂച്ചർ സ്കൂൾസ് പദ്ധതി. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്ക്കാരങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസ മേഖലയിലെ പുരോഗതി, കലാകായിക വിനോദങ്ങളിലൂടേയും വിവര സാങ്കേതിക വിദ്യയിലൂടേയും പലതരം നൈപുണ്യം വികസിപ്പിച്ചെടുക്കുക വഴി ജീവിതനിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടികളാണ് ഇതുമൂലം ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഫ്യൂച്ചർ സ്കൂൾ പദ്ധതി തുടങ്ങുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നുണ്ട്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഒരു നിയോജക മണ്ഡലത്തിൽ ഒരു സർക്കാർ സ്കൂൾ വീതം ഇത്തരത്തിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, ഭക്ഷണമുറികൾ ലൈബ്രറി, ആധുനിക ലബോറട്ടറി, കായികം, കളരി, ആർട്സ് മുറികൾ, നീന്തൽകുളം, തുടങ്ങിയവ ഈ പദ്ധതിയുടെ കീഴിൽ നിർമ്മിക്കുവൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇതിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്? | (സി) | 2011-12 ൽ 35.27കോടി രൂപ ഒറ്റത്തവണ അധിക കേന്ദ്ര വിഹിതമായി വകയിരുത്തിയിരുന്നു. 2012-13ൽ 20കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ